ഒരു ആര്യസമാജം പ്രസിദ്ധീകരണം

RNI NO. KERMAL /2013/53849
Date of Publication 10/02/2014

## ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം

### സത്യാർത്ഥപ്രകാശം മലയാളത്തിൽ

മഹർഷി ദയാനന്ദസരസ്വതിയുടെ അമരഗ്രന്ഥമായ സത്യാർത്ഥപ്രകാശത്തിന്റെ മലയാളം പരിഭാഷ മലയാളത്തിൽ ഇപ്പോൾ ലഭ്യമല്ലാത്തതിനാൽ ആ മഹത് ഗ്രന്ഥം വീണ്ടും പുനഃപ്രസിദ്ധീകരിച്ച് ഏറ്റവും ചുരുങ്ങിയ വിലക്ക് എല്ലാ വീടുകളിലും എത്തിക്കാനുള്ള ഒരു ബൃഹത്കർമ്മപദ്ധതി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നു. 1933 ൽ പഞ്ചാബ് ആര്യ പ്രതിനിധിസഭ പ്രസിദ്ധീകരിച്ച പണ്ഡിറ്റ് ലക്ഷ്മണൻജി വിവർത്തനം ചെയ്ത മലയാളത്തിലെ ആദ്യത്തെ സത്യാർത്ഥപ്രകാശം അതിൽ വിട്ടുപോയിരുന്ന സ്വമന്തവ്യാമന്തവ്യ പ്രകാശമെന്ന ഭാഗം കൂടി കൂട്ടിച്ചേർത്ത് സാർവ്വദേശിക് ആര്യപ്രതിനിധി സഭയുടേയും പരോപകാരിണി സഭയുടെയും ആശിർവ്വാദത്തോടുകൂടി ഉടൻ പ്രസിദ്ധീകരിക്കുന്നു. ദേശീയനവോത്ഥാനരംഗത്ത് വിപ്ലവം സൃഷ്ടിച്ച ഈ ഗ്രന്ഥത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ കാർഡയച്ച് ഉടൻ ബുക്ക് ചെയ്യുക. പണം ഇപ്പോൾ അയക്കേണ്ടതില്ല. ആദ്യം ബുക്ക് ചെയ്യുന്ന ആയിരം പേർക്ക് പ്രത്യേക കിഴിവ് നൽകുന്നതാണ്.

## *വായിക്കുക! പ്രചരിപ്പിക്കുക! വരിക്കാരാവുക!*

*ദയാനന്ദ സന്ദേശം വൈദിക മാസിക*

*ദയാനന്ദ സന്ദേശം വൈദിക മാസിക, സത്യ – സനാതന – വൈദികധർമ്മ സന്ദേശം!*
*അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായ വൈദിക സിംഹഗർജ്ജനം!*
*ആര്യധർമ്മ (ഹിന്ദു ധർമ്മ) ത്തിന്റെ പാഞ്ചജന്യം!*
*വാർഷിക വരിസംഖ്യ ₹ 60. ദീർഘകാലം ₹ 1000.*
*വരിസംഖ്യ (M.O) അയ്ക്കേണ്ട വിലാസം : കാര്യദർശി, ആര്യസമാജം, വെള്ളിനേഴി (P.O), പാലക്കാട് – 679 504 ബാങ്ക് വഴി വരിസംഖ്യ അടയ്ക്കുന്നവർ 25 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടയ്ക്കേണ്ടതാണ്.*

Arya Samajam
Bank Account No: 4264000100071490, IFSC Code : PUNB 0426400
Punjab National Bank- Cherpalcheri Branch

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**



ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 1 ലക്കം 8

വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 മാഘ – ഫാൽഗുന
1189 മകരം – കുംഭം 2014 ഫെബ്രുവരി

വാർഷിക വരിസംഖ്യ: ₹ 60/- ദീർഘകാലം: ₹1000/-



**ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കപ്പെടേണ്ട പ്രധാന ദിനങ്ങൾ**

ഫെബ്രുവരി – 02: സ്വാമി ശ്രദ്ധാനന്ദ് ജയന്തി
ഫെബ്രുവരി – 12: മഹർഷി ദയാനന്ദ സരസ്വതി ജയന്തി
ഫെബ്രുവരി – 26: വീർ സാർവർക്കർ സ്മൃതി ദിനം
ഫെബ്രുവരി – 27: ചന്ദ്രശേഖർ ആസാദ് രക്തസാക്ഷി ദിനം

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

# വേദാദ്ധ്യയനം



*ഋഷിഃ മധുച്ഛന്ദാഃ ദേവതാ അശ്വിനൗ ഗായത്രീ ഛന്ദഃ ഷഡ്ജഃ സ്വരഃ*

*ദസ്രാ യുവാകവഃ സുതാ നാസത്യാ വൃക്തബർഹിഷഃ। ആ യാതം രുദ്രവർത്തനീ॥*

*(ഋഗ്വേദം 1.3.3)*

**പദാർത്ഥം:** അല്ലയോ (യുവാകവഃ) പരസ്പരം ബന്ധപ്പെട്ടതും പ്രത്യേക ക്രിയകളെ സിദ്ധിക്കുന്നതിനും (സുതാഃ) പദാർത്ഥവിദ്യയുടെ സാരത്തെ മനസ്സിലാക്കി പ്രകടിപ്പിച്ച് (വൃക്തബർഹിഷഃ) അവയുടെ ഫലത്തെ കാണിച്ചുകൊടുക്കാൻ കഴിവുള്ള പണ്ഡിതരെ! (രുദ്രവർതനീ) ഏതിന്റെ പ്രാണമാർഗ്ഗമാകുന്നുവോ അവ (ദസ്രാ) ദുഃഖങ്ങളെ നശിപ്പിക്കുന്നത് (നാസത്യാ) അവയുടെ ഒരു ഗുണവും മിഥ്യയല്ല (ആയാതാമ്) ഏതൊന്നിനെയാണോ അനേകപ്രകാരമുള്ള വ്യവഹാരത്താൽ പ്രാപിക്കാവുന്നത് ആ പൂർവ്വോക്ത അശ്വികളെ എപ്പോൾ വിദ്യയാൽ ഉപകാരികളാക്കുന്നുവോ അപ്പോൾ നിങ്ങൾ ഉത്തമഗുണങ്ങളെ പ്രാപിക്കും.

**ഭാവാർത്ഥം:** പരമേശ്വരൻ മനുഷ്യർക്ക് ഉപദേശം നൽകുന്നു. അല്ലയോ മനുഷ്യരേ! നിങ്ങൾക്ക് സർവ്വസുഖങ്ങളുടെയും സിദ്ധി ലഭിക്കുന്നതിനും ദുഃഖങ്ങളുടെ വിനാശത്തിനുമായി ശിൽപ്പവിദ്യയിൽ അഗ്നിയുടെയും ജലത്തിന്റെയും യഥാവത് ഉപയോഗം നടത്തണം.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ. എം. രാജൻ)*

## സ്വാമി ദയാനന്ദ സരസ്വതിയും ആര്യസമാജവും

"കഥയില്ലാത്ത പുരോഹിതരുടെ ദുർവ്യാഖ്യാനങ്ങൾ കൊണ്ട് ഹാസ്യപാത്രങ്ങളായിതീർന്ന, വേദങ്ങളെ നിരുക്തം മുൻനിർത്തി വ്യാഖ്യാനിച്ചു സാക്ഷാൽ സനാതന ധർമ്മങ്ങളെ ചൂണ്ടിക്കാണിക്കുമാറ് ദയാനന്ദസരസ്വതി വേല ചെയ്തിരുന്നുല്ലെങ്കിലോ, അദ്ദേഹത്തിന്റെ സുസുന്ദരങ്ങളായ വൈദികാഭിപ്രായങ്ങളെ വിളംബരം ചെയ്യുന്നതിന് ആര്യമായ ആര്യസമാജം അവതരിച്ചിരുന്നില്ലെങ്കിലോ, ഹൈന്ദവ സമുദായത്തിന്റെ ഗതി എന്താകുമായിരുന്നെന്ന് ഊഹിക്കാൻപോലും വിഷമമത്രെ"

**ശ്രീ വാഗ്ഭടാനന്ദ ഗുരുദേവൻ**

*'സത്യമേവ ജയതേ നാനൃതം (മുണ്ഡകോപനിഷത്ത് 3.2.4)'*
*സത്യത്തിന് മാത്രമേ വിജയമുണ്ടാകൂ*





## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### സ്വാദ്ധ്യായം സംസ്കൃത പഠനക്ലാസ് ഉദ്ഘാടനം ചെയ്തു.

ആര്യ സമാജത്തിന്റെ നേതൃത്വത്തിൽ മുതിർന്നവർക്കായുള്ള സംസ്കൃത പഠനക്ലാസ് ' സ്വാദ്ധ്യായം ' രണ്ടാം ബാച്ച് മകരസംക്രാന്തി ദിനത്തിൽ ആരംഭിച്ചു. അഗ്നിഹോത്രത്തിനുശേഷം ശ്രീ. എസ്. ശ്രീധരശർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വിശ്വ സംസ്കൃത പ്രതിഷ്ഠാനം സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ. കെ. ബി. രാമകൃഷ്ണൻ മാസ്റ്റർ പഠന ക്ലാസ് ഉദ്ഘാടനം ചെയ്തു. ഞായറാഴ്ചകളിൽ ഉച്ചയ്ക്കുശേഷം 2.30 മുതൽ 4 വരെയായിരിക്കും ക്ലാസ്.

### യജ്ഞമയമായ ജീവിതം നയിക്കുക – വാനപ്രസ്ഥി ഓംപ്രകാശ് ആര്യ

ചെർപ്പുളശ്ശേരി : നല്ലകാര്യങ്ങൾ മാത്രം കണ്ടും കേട്ടും പ്രവർത്തിച്ചും യജ്ഞമയമായ ജീവിതം നയിച്ച് പൂർണ്ണാരോഗ്യത്തോടെയും സന്തോഷത്തോടെയും നൂറുവർഷത്തിലധികം ജീവിക്കാൻ കഴിയുമാറാകട്ടെ എന്ന വേദവാണി സാക്ഷാത്കരിക്കാൻ ഏവർക്കും ആവട്ടെ എന്ന് അജ്മേരിലെ മഹർഷി ദയാനന്ദ് ആർഷ ഗുരുകുലത്തിലെ വാനപ്രസ്ഥി ഓംപ്രകാശ് ആര്യ പറഞ്ഞു. ജനുവരി 4നു ചെർപ്പുളശ്ശേരിയിൽ വെച്ചു നടന്ന വിശേഷാൽ യജ്ഞത്തിന് മുഖ്യകാർമികത്വം നൽകി പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ജന്മദിനാഘോഷങ്ങൾ ശ്രീരാമനും ശ്രീകൃഷ്ണനും അനുവർത്തിച്ചതുപോലെ ആചരിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സർവ്വശ്രീ. വി. ഗോവിന്ദ ദാസ്, എസ്. ശ്രീധര ശർമ്മ, സി. കെ. നാരായണൻ എന്നിവർ യജ്ഞത്തിനു നേതൃത്വം നൽകി.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | **ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന** | – | ₹ 10 |
| (2) | **വേദം – എന്ത്? എന്തിന്? എങ്ങനെ?** | – | ₹ 95 |
| (3) | **അഗ്നിഹോത്ര വിധി** (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | **ആര്യോദയം** | – | ₹ 10 |
| (5) | **ആര്യസമാജം എന്ത്? എന്തിന്?** | – | ₹ 10 |
| (6) | **സത്യാർത്ഥപ്രകാശം എന്ത്? എന്തിന്?** | – | ₹ 10 |
| (7) | **വൈദിക നിത്യകർമ്മ വിധി** | – | ₹ 20 |
| (8) | **Vedas in Story form and Chaturvarnyam** | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

*മിത്രസ്യാഹം ചക്ഷുഷാ സർവ്വാണി ഭൂതാനി സമീക്ഷേ (യജുർവ്വേദം 36.18)*
*ഞാൻ എല്ലാ പ്രാണികളേയും മിത്രഭാവേന കാണട്ടെ*

യശസ്വിയായ കൈലാസപതിയായ ശിവനാണോ ഇത് ? ഒരിക്കലുമല്ല. ഉറങ്ങികൊണ്ടിരിക്കുന്ന അച്ഛനേ വിളിച്ചുണർത്തി അദ്ദേഹം തന്റെ സംശയം ഉണർത്തിച്ചു. പിതാവ് അദ്ദേഹത്തിന്റെ സംശയങ്ങൾക്ക് മറുപടി നൽകാൻ ശക്തനല്ലായിരുന്നു. നിരാശനായ മൂൽശങ്കർ ക്ഷേത്രത്തിൽ നിന്ന് വീട്ടിലേക്ക് പോന്നു. പുലർച്ചേ പിതാവിന് ഇക്കാര്യം മനസ്സിലായപ്പോൾ മൂൽശങ്കർ വ്രതഭംഗം വരുത്തി പാപം ചെയ്തുവെന്നു പറഞ്ഞു. എന്നാൽ മൂൽശങ്കറിന് ഇതിൽ വലിയ പ്രഭാവം തോന്നിയില്ല. അദ്ദേഹത്തിന്റെ മനസ്സിൽ സംശയങ്ങളുടെ വേലിയേറ്റമായിരുന്നു. യഥാർത്ഥ ശിവനേ കണ്ടെത്താനുള്ള കഠിനശ്രമമായി പിന്നീടദ്ദേഹത്തിന്. അവസാനത്തിൽ അത് സഫലമായതായി നാം തുടർന്നുവായിക്കും.

*(തുടരും)*



## വൈദിക ധർമ്മ പ്രശ്നോത്തരി

*ജാതവേദൻ*

(ഈശ്വരൻ, ധർമ്മം, ആരാധന, ആചരണങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഭാരതീയർക്ക് ഏകരൂപ്യമില്ല, അടിസ്ഥാന മതഗ്രന്ഥങ്ങളില്ല, പദ്ധതിയില്ല, ഹിന്ദുധർമ്മം ഒരു ജീവിത രീതിയാണ്, വൈവിധ്യമാർന്ന ആചാരങ്ങളുടെ ഒരു കൂട്ടമാണ് എന്നൊക്കെ പലരും തെറ്റായി പറയുന്നുണ്ട്. ഈ വൈവിധ്യങ്ങളെ ചൂണ്ടിക്കാട്ടി ഹിന്ദുധർമ്മത്തെ വികലമായി പ്രചരിപ്പിക്കാനും സംഭ്രമിപ്പിച്ച് മതംമാറ്റം നടത്തുന്നതിനുള്ള സംഘടിതശ്രമങ്ങളും നടക്കുന്നുണ്ട്. ലോകത്തെ ഏറ്റവും പ്രാചീനമായ വൈദിക ധർമ്മത്തിന് ഇക്കാര്യങ്ങളിലെല്ലാം വ്യക്തമായ കാഴ്ച്ചപ്പാടുണ്ട്. ആര്യസമാജ സ്ഥാപകനായ മഹർഷി ദയാനന്ദ സരസ്വതി സത്യാർഥപ്രകാശം, ഋഗ്വേദാദി ഭാഷ്യഭൂമിക തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇവയെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അവയിൽ നിന്നും തിരഞ്ഞെടുത്ത ഏതാനും വിഷയങ്ങൾ പ്രശ്നോത്തരി രൂപേണകൊടുക്കുന്നു. ഡോ. അശോക് ആര്യ എഴുതിയ ' ബാല സത്യാർത്ഥ ജ്ഞാൻ ' എന്ന പുസ്തകം ഈ പ്രശ്നോത്തരി തയ്യാറാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.)

പത്രാധിപർ

| | | | |
|---|---|---|---|
| 1) | ഈശ്വരൻമാർ എത്രയുണ്ട് ? | - | ഒന്നുമാത്രം |
| 2) | ഈശ്വരന്റെ നിജനാമമെന്താണ് ? | - | ഓം (പ്രണവം) |
| 3) | സത്യാർത്ഥ പ്രകാശത്തിൽ ഗുണസ്വഭാവം അനുസരിച്ച് എത്ര ഈശ്വരനാമങ്ങളെയാണ് വ്യാഖ്യാനിച്ചിരിക്കുന്നത് ? | - | 100 |
| 4) | ഈശ്വരൻ ജന്മമെടുക്കുമോ ? | - | ഇല്ല |
| 5) | ഈശ്വരന്റെ ആകാരമെങ്ങനെ ? | - | നിരാകാരനാണ് |

(തുടരും)

***നാസ്തികോ വേദനിന്ദകഃ (മനുസ്മൃതി 2.11)***
***വേദങ്ങളെ നിന്ദിക്കുന്നവർ – വേദവിരുദ്ധാചരണങ്ങൾ നടത്തുന്നവർ നാസ്തികരാണ്.***





# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക–ദാർശനിക മാസിക**

**പുസ്തകം : 1** **ലക്കം 8**

**വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 മാഘ – ഫാൽഗുന**
**1189 മകരം – കുംഭം 2014 ഫെബ്രുവരി**

**പത്രാധിപ സമിതി**

മുഖ്യപത്രാധിപർ: കെ. വേലായുധ ആര്യ
പത്രാധിപർ : കെ.എം. രാജൻ

**ഉപദേശക സമിതി**

ടി. ആർ. ബാലചന്ദ്രൻ നായർ
ആചാര്യ എസ്. ശ്രീധര ശർമ്മ
വി. ഗോവിന്ദ ദാസ്
**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**

**താളുകൾ മറിക്കുമ്പോൾ**

| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 1 |
| ധർമ്മപാഠങ്ങൾ | : | 3 |
| ഋഗ്വേദപരിചയം | : | 4 |
| സംശയനിവാരിണി | : | 7 |
| ജീവിതം ഒരലയാഴി | : | 9 |
| ഉപദേശ മഞ്ജരി | : | 10 |
| മഹർഷി ദയാനന്ദ സരസ്വതി | : | 11 |
| വൈദിക പ്രശ്നോത്തരി | : | 12 |

**വിലാസം : ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ,**
**പാലക്കാട് 679 504.**
**Ph: 09562529095,**
**Email:dayanandasandesam@gmail.com**
**Visit us : www.thearyasmaj.org/vellinezhi**

## മുഖവാണി

## ഋഷി ബോധോത്സവം

*ശിവരാത്രി ആശംസകൾ*

*ഇന്ദ്രം വര്ധ ന്തോ അപ്തുരഃ*
*കൃണ്വന്തോ വിശ്വമാര്യമ്।*
*അപഘ്നന്തോ അരാവ്ണഃ॥*

*(ഋഗ്വേദം 9.63.5)*



ഭാവാർത്ഥം :– അല്ലയോ യത്നം ചെയ്യുന്നവരേ! നിങ്ങൾ സ്വന്തം കീർത്തിയേ വർദ്ധിപ്പിച്ച് ലോകത്തിലെ കഷ്ടതകളെ ഇല്ലാതാക്കി എല്ലായിടവും ആര്യമയമാക്കുക(ശ്രേഷ്ഠമയമാക്കുക).

സമ്പൂർണ്ണവിശ്വത്തേയും ആര്യ (ശ്രേഷ്ഠമയ) മാക്കാനാണ് വേദങ്ങൾ ഉദ്ഘോഷിക്കുന്നത്. സൃഷ്ടിയുടെ ആരംഭം മുതൽ ഈശ്വരീയവാണിയായ വേദങ്ങളുടെ സന്ദേശം ജീവിതത്തിൽ പകർത്തിയവരാണ് നമ്മുടെ പൂർവ്വികർ. അതിനാലാണ് നമ്മുടെ പേര് 'ആര്യൻ' എന്നായതും നമ്മുടെ നാടിന്റെ നാമധേയം 'ആര്യാവർത്ത'

***സ ഹി സർവ്വവിത് സർവ്വകർത്താ ഈദൃശേശ്വരസിദ്ധിഃ സിദ്ധാ (സാംഖ്യദർശനം 3.56,57)***
***ആ പരമാത്മാവ് സർവ്വാന്തര്യമിയും സകലജഗത്തിന്റെയും കർത്താവുമാണ്.***
***ഇപ്രകാരം ഈശ്വരസിദ്ധി ഉറപ്പാണ്.***

മെന്നായിതീർന്നതും. വേദങ്ങളും സ്മൃതികളും ശാസ്ത്രങ്ങളും ഇതിഹാസങ്ങളും നമ്മുടെ പേര് 'ആര്യൻ' എന്നാണെന്നും നമ്മുടെ ദേശം ആര്യാവർത്തമാണെന്നും ഉച്ചൈസ്തരം ഘോഷിക്കുന്നു. അയ്യായിരം വർഷങ്ങൾക്കുമുമ്പ് ലോകത്തിൽ ഒരേ ഒരു ധർമ്മമേ ഉണ്ടായിരുന്നുള്ളു അത് വൈദിക ധർമ്മമാണ്. ഒരേ ഒരു സമൂഹമേ ഉണ്ടായിരുന്നുള്ളു. അത് ആര്യസമൂഹമാണ്. മഹാഭാരതയുദ്ധം മൂലമുണ്ടായ വൻനാശത്താൽ വേദപ്രചാരം നിലച്ചുപോയി. മഹാപണ്ഡിതന്മാരും വേദപ്രചാരണത്തിന് പരമപ്രാധാന്യം നൽകിയിരുന്ന മഹാരാജാക്കൻമാരുടെ വംശങ്ങളും ഇല്ലാതായി. തൽസ്ഥാനത്ത് സ്വാർത്ഥികളും അനാചാരികളുമായവർ പ്രതിഷ്ഠ നേടി. മദ്യപാനം, മാംസഭക്ഷണം, പരസ്ത്രീഗമനം എന്നിവക്ക് പ്രാമുഖ്യം നൽകുന്ന സംസ്കൃത ഗ്രന്ഥങ്ങൾ പടച്ചുവിട്ട് അവക്ക് വ്യാസന്റെയും മറ്റും പേരിട്ടു വച്ചു. വേദങ്ങളുടെ സ്ഥാനത്ത് ഇത്തരം പുരാണങ്ങൾക്ക് പ്രചാരം നൽകി. ശങ്കരാചാര്യരേപോലുള്ള സൂര്യതേജസ്സുകൾ ജനങ്ങളെ വേദമാർഗ്ഗത്തിൽ ചലിക്കാൻ പ്രേരണ നൽകിയെങ്കിലും അവ ദീർഘകാലം നിലനിന്നില്ല. ഈ അവസരം യഥാവിധി മുതലെടുത്ത വിദേശമതപ്രചാരകർ പുരാണങ്ങളിലെ വൈരുദ്ധ്യങ്ങളെ ചൂണ്ടിക്കാട്ടി സാധാരണക്കാരായവരേ സംഭ്രമിപ്പിച്ച് കൂട്ടത്തോടെ തങ്ങളുടെ മതത്തിലേക്ക് മാർഗ്ഗം കൂട്ടാനാരംഭിച്ചു.

നൂറ്റാണ്ടുകളായി നിലനിന്നിരുന്ന അനാചാരങ്ങൾക്കും വേദവിരുദ്ധ പ്രവണതകൾക്കുമെതിരായ ഒരു ശംഖുനാദം 1838 ലെ ശിവരാത്രിദിനത്തിൽ ഗുജറാത്തിലെ 'ടംകാര' എന്ന ഗ്രാമത്തിലെ ഒരു ശിവക്ഷേത്രത്തിൽ നിന്നുയർന്നു. ശിവലിംഗത്തിലൂടെ ഓടിക്കളിച്ച് പ്രസാദവസ്തുക്കൾ ഭക്ഷിക്കുന്ന ഒരെലിക്കുഞ്ഞായിരുന്നു നായകൻ. 'മൂൽശങ്കർ' എന്ന ജിജ്ഞാസുവായ ബാലന് യഥാർത്ഥ ശിവനേ അന്വേഷിച്ചുകണ്ടെത്താൻ ഇത് പ്രേരണയായി. പുണ്യസ്ഥലങ്ങളിലും ഹിമാലായസാനുക്കളിലും ധാർമ്മികകേന്ദ്രങ്ങളിലും സത്യമന്വേഷിച്ച് നടന്ന ഈ ബാലൻ സ്വാമി ദയാനന്ദസരസ്വതിയായി തീർന്നു. മഹാഭാരതയുദ്ധാനന്തരം നഷ്ടപ്പെട്ട വൈദികമൂല്ല്യങ്ങളെ ആര്യവർത്തത്തിൽ പുനഃപ്രതിഷ്ഠിച്ചു. 'കൃണ്വന്തോ വിശ്വമാര്യം' എന്ന വേദവാക്യത്തേ പ്രാവർത്തികമാക്കാനായി ആര്യസമാജം സ്ഥാപിച്ചു. സ്വാമി ശ്രദ്ധാനന്ദൻ, പണ്ഡിറ്റ് ലേഖ്റാം, ലാലാലജ്പത്റായി, മഹാത്മാ ഹൻസ്രാജ്, പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി തുടങ്ങിയ നിരവധി വേദപ്രചാരകരിലൂടെ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വേദസന്ദേശത്തെ പ്രചരിപ്പിച്ചു. ഇന്നും

*മനുർഭവ ജനയാ ദൈവ്യം ജനം (ഋഗ്വേദം 10. 53. 6)*
*മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!*





എന്നിവർ പൂജിക്കപ്പെടേണ്ടവർ അഥവാ സൽക്കരിക്കപ്പെടേണ്ടവർ എന്നാണിവിടെ അർത്ഥമാക്കുന്നത്. അതേപോലെ മനുപറയുന്നു. സ്ത്രീ പൂജനീയയാണ്. ഭൂഷണം, വസ്ത്രം, പ്രിയവചനം ഇത്യാദികളാൽ സൽക്കരിക്കപ്പെടേണ്ടവളാണ് എന്നർത്ഥം. (മനു പറയുന്നത് നോക്കുക).

*പിതൃഭിർഭ്രാതൃഭി ശ്ചൈതാഃ*
*പതിഭിർ ദേവരൈസ്തഥാ।*
*പൂജ്യാ ഭൂഷയിതവ്യാശ്ച*
*ബഹുകല്ല്യാണമിപ്സുഭിഃ॥(മനുസ്മൃതി 3.55)*

ജഢപദാർത്ഥങ്ങളുടെ സൽക്കാരം പൂജ ഒരിക്കലും സാധ്യമല്ല. സചേതനവും സജീവവുമായവയേ മാത്രമേ സൽക്കരിക്കാവൂ. സജീവമായത് അർത്ഥാത് ഭ്രമമനുഷ്യാദികളെ സൽക്കരിക്കുന്നതുകൊണ്ട് നിരവധി നേട്ടങ്ങളുണ്ട്.

(തുടരും)

**ആര്യവീർ ദളം – ബാലപംക്തി** **ആര്യവീരഗാഥ – 1**

# മഹർഷി ദയാനന്ദസരസ്വതി

*നചികേതസ്*



14 വയസ്സിനുള്ളിൽ തന്നെ മൂൽശങ്കർ സാമാന്യം ജ്ഞാനം നേടി. വ്യകരണവും യജുർവ്വേദവും മറ്റും വേദങ്ങളിലെ ഏതാനും ഭാഗങ്ങളും അദ്ദേഹം അദ്ധ്യയനം ചെയ്തു. കുലപരമ്പരയനിസരിച്ച് അദ്ദേഹം തന്റെ പഠനം പൂർത്തിയാക്കി. എന്നാൽ തന്റെ ഇത്രയും പഠനത്തിൽ അദ്ദേഹം സംതൃപ്തനായില്ല. കാശിയിൽപോയി കൂടുതൽ പഠിക്കണമെന്നായിരുന്നു ആഗ്രഹം. (ഇന്നത്തെ വിദ്യാർത്ഥികൾ വിദേശത്ത് പോയി പഠിക്കാനിച്ഛിക്കുന്നതുപോലെ). കാശി അന്ന് ഉന്നതപഠനത്തിന്റെ കേന്ദ്രമായിരുന്നു. പക്ഷെ, അദ്ദേഹത്തിന്റെ മാതാവ് ഈ ആഗ്രഹത്തിനു തടസ്സം നിന്നു. അദ്ദേഹം ഇത്രയും ദൂരത്തുപോയി പഠിക്കുന്നതിനോട് അവർ അനുകൂലിച്ചില്ല. ഗ്രാമത്തിനടത്തുള്ള ഒരു കേന്ദ്രത്തിൽ അദ്ദേഹത്തെ പഠിക്കാനായി വിട്ടു. എന്നാൽ താമസിയാതെ പിതാവിന്റെ നിർദ്ദേശപ്രകാരം പഠനം നിർത്തി വീട്ടിലേക്ക് തിരിച്ചുവരേണ്ടി വന്നു.

### ശിവരാത്രി സംഭവം

മൂൽശങ്കർ ചെറുപ്പം മുതൽ തന്നെ ജിജ്ഞാസവും കൂടുതൽ അറിയാനാഗ്രഹിക്കുന്നവനുമായിരുന്നു. ശിവരാത്രി ദിനത്തിൽ വ്രതമനുഷ്ഠിക്കാൻ അദ്ദേഹത്തിന്റെ പിതാവ് നിർദ്ദേശിച്ചു. ശിവനോട് അപാരമായ ഭക്തി മൂൽശങ്കരനുണ്ടായിരുന്നു. രാത്രിയിൽ ശിവഭക്തരിൽ പലരും നിദ്രയിലാണ്ടുപോയപ്പോഴും മൂൽശങ്കർ തന്റെ കണ്ണുകളെ ബലപൂർവ്വം ഉണർത്തികൊണ്ടിരുന്നു. പെട്ടന്നാണ് ആ ദൃശ്യം അദ്ദേഹത്തെ ഞെട്ടിച്ചത്. ഒരു എലി ശിവലിംഗത്തിൽ ഓടികളിക്കുന്നു. ഭഗവാനു നിവേദിക്കാൻ വച്ച ഭക്ഷ്യവസ്തുക്കൾ കടിച്ചു വലിക്കുന്നു. വളരെ കൂതൂഹലത്തോടെ ഇത് നോക്കികൊണ്ടിരിന്ന മൂൽശങ്കറിന്റെ മനസ്സിൽ നിരവധിസംശയങ്ങളുയർന്നു. പുരാണങ്ങളിൽ വർണ്ണിച്ച

*ഓം വിശ്വാനി ദേവ സവിതർദുരിതാനി പരാസുവ (യജുർവ്വേദം 30.3) ഞങ്ങളുടെ ദുരിതങ്ങളും ദുർവ്യസനങ്ങളും ഇല്ലാതാക്കി ഭദ്രമായവയെ ഞങ്ങൾക്ക് പ്രദാനം ചെയ്താലും*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

***മഹർഷി ദയാനന്ദ സരസ്വതി***

*തർജ്ജമ: കെ.എം. രാജൻ*

## നാലാം പ്രഭാഷണം (ധർമ്മാധർമ്മം)




**ഇ**ക്കാലത്ത് നാലുവേദങ്ങളും ഓരോവേദത്തിന്റെയും നിരവധി ശാഖകളും ലഭ്യമാണ്. ശാഖാഭേദം പ്രതിപാദിപ്പിക്കുന്ന ചില പ്രധാന വസ്തുതകൾ ഇന്നു ലഭ്യമായ ശാഖകളില്ലാ എന്നും നഷ്ടപ്പെട്ട ശാഖകളിലുണ്ടാവാമെന്നും വാദിക്കുന്നത് യുക്തിസഹമല്ല. ശ്രൗതസൂത്രകാരാരൻമാരായ ആശ്വാലായനൻ, കാത്യായനൻ തുടങ്ങിയവർ ഇന്ന് ലഭ്യമല്ലാത്ത വേദശാഖകളിൽ നിന്നൊന്നും ഉദ്ധരിച്ചിട്ടില്ലാ എന്നു മത്രമല്ലാ ശാസ്ത്രങ്ങളിൽ പറയുന്ന വിഷയങ്ങൾ എന്തായാലും സ്മൃതിയേ അവലംബിക്കണമെന്നു പറയുന്നുമില്ല. എനിക്കും പറയാനുള്ളത് പൂർവ്വമീമാംസ, യോഗദർശനം, ഉത്തരമീമാംസ എന്നീ ഗ്രന്ഥങ്ങളേ പരിശോധിക്കൂ. തുടർ ചിന്തനം നടത്തൂ എന്നാണ്. അതേപോലെ ശതപഥബ്രാഹ്മണം, നിരുക്തം, പാതഞ്ജലമഹാഭാഷ്യം എന്നിവയിലൊന്നിലും തന്നെ നഷ്ടപ്പെട്ടശാഖകളെ കുറിച്ച് പറയുന്നില്ല. അതിനാൽ ഇന്നുകാണപ്പെടുന്ന അശാസ്ത്രീയമായ ആചാരങ്ങൾ സ്മൃതിയിലുണ്ടെന്നും അവ ശ്രുതിയിൽ നിന്ന് ഉണ്ടായതാണെന്നും കരുതുന്നത് തെറ്റാണ് (സ്മൃതിയുടെ ശ്രുതി മൂലകത്വം). വിഗ്രഹാരാധനയേ കുറിച്ച് വേദങ്ങളിലും ശാസ്ത്രങ്ങളിലും ഒന്നും പ്രതിപാദിച്ചിട്ടില്ലാ എന്ന് നാം നേരത്തേ ചർച്ച ചെയ്തതാണ്.

ഇനി മൂഢൻമാരും അജ്ഞാനികളുമായവർക്ക് അവയവങ്ങളോടുകൂടിയ ദേവത (വിഗ്രഹങ്ങൾ) കളില്ലാതെ ആരാധന നടത്തുക സാധ്യമാണോ എന്നു ചോദിച്ചേക്കാം. ഇക്കാര്യത്തേക്കുറിച്ചും നമുക്ക് ചിന്തിക്കാം. മൂഢൻമാർക്കും വിഗ്രഹാരാധനയുടെ ആവശ്യമില്ല. മൂഢൻ സ്വതവേ തന്നെ ജഢബുദ്ധിയോടു കൂടിയവനാണ്. ആ ജഢബുദ്ധി ജഢപദാർത്ഥങ്ങളുടെ പൂജക്കായി വിനിയോഗിച്ചാൽ അയാളുടെ ബുദ്ധി കൂടുതൽ ജഢരൂപമാവുകയല്ലേ ചെയ്യുക. എന്തെന്നാൽ ജഢമൂർത്തികളുടെ പൂജയിൽ ജഢബുദ്ധിയിൽ ജഢത്വം മാത്രമാണ് ഉൽപ്പന്നമാവുക. ഇതിൽ ഉന്നതി ഒരിക്കലും ഉണ്ടാവുകയില്ല. അധോഗതി തീർച്ചയായും ഉണ്ടായിതീരുകയും ചെയ്യും.

ഇനി 'പൂജ' എന്ന പദത്തിന്റെ അർത്ഥമെന്തെന്നു നോക്കാം. 'സൽക്കരിക്കുക' (ഷോഡശോപചാര പൂജ എന്നല്ല) എന്നാണ് പൂജ എന്ന പദത്തിനർത്ഥം വരുന്നത്. നോക്കൂ:-

മാതൃദേവോ ഭവ പിതൃദേവോ ഭവ।

ആചാര്യദേവോ ഭവ അതിഥിദേവോ ഭവ॥

(തൈത്തിരീയ ആരണ്യകം 7.4.2)

മാതാവ്, പിതാവ്, ആചാര്യൻ, അതിഥി

***ഓം ആ നോ ഭദ്രാഃ കൃതവോ യന്തു വിശ്വതഃ (യജുർവ്വേദം 25.14)***
***ലോകത്തെല്ലായിടത്തുനിന്നുമുള്ള അറിവുകൾ ഞങ്ങളിലേക്ക് പ്രവഹിക്കട്ടെ***






ആ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. സത്യാർത്ഥപ്രകാശം, ഋഗ്വേദാദി ഭാഷ്യഭൂമിക, വേദഭാഷ്യങ്ങൾ തുടങ്ങിയ മഹർഷിയുടെ ഗ്രന്ഥങ്ങൾ സാധാരണക്കാരിൽ വൈദികധർമ്മത്തോട് ആഭിമുഖ്യം വളർത്താൻ വളരെ സഹായിക്കുന്നു. ദാർശനികതലത്തിൽ ഇവയോടു കിടപിടിക്കാവുന്ന മറ്റൊരു പ്രത്യയശാസ്ത്രവുമില്ല. ഋഷി ദയാനന്ദ സരസ്വതിക്ക് ബോധോദയമുണ്ടാക്കിയ ശിവരാത്രി ദിനം 'ഋഷി ബോധോത്സവ' മായി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ലോകമെങ്ങും ആഘോഷിക്കുമ്പോൾ ദയാനന്ദസന്ദേശത്തിന്റെ വായനക്കാർക്ക് മംഗളമയമായ ശിവരാത്രി ആശംസകൾ നേരുന്നു.

**പത്രാധിപർ**

---

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

***– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി***

***തർജ്ജമ: കെ.എം. രാജൻ***

*പാഠം- 7*

### വൈദികധർമ്മത്തിലെ മുഖ്യ ശിക്ഷണങ്ങൾ

***ചോദ്യം:*** *വൈദിക ധർമ്മത്തിന്റെ രണ്ടാമത്തെ ശിക്ഷണമെന്താണ് ?*

***ഉത്തരം:*** വൈദിക ധർമ്മത്തിന്റെ രണ്ടാമത്തെ ശിക്ഷണം എല്ലാ മനുഷ്യരെയും സഹോദരങ്ങളായി കണ്ട് ഈശ്വരനെ മാതാവും പിതാവുമായി മനസ്സിലാക്കി എല്ലാവരുടെയും നന്മക്കായി പ്രേമപൂർവ്വം പ്രയത്നിക്കണം എന്നാണ്. ജന്മനായുള്ള ഉച്ചനീചത്വങ്ങളും അയിത്താചരണവും നടത്തുന്നത് വൈദികധർമ്മശിക്ഷണത്തിനുവിരുദ്ധമാണ്.

***ചോദ്യം:*** *വൈദികധർമ്മത്തിന്റെ മൂന്നാമത്തെ ശിക്ഷണമെന്താണ് ?*

ഉത്തരം: വൈദികധർമ്മത്തിന്റെ മൂന്നാമത്തെ ശിക്ഷണം കർമ്മങ്ങളുടെ നിയമത്തേകുറിച്ചാണ്. അതായത് നാം എങ്ങിനെയാണോ കർമ്മമനുഷ്ഠിക്കുന്നത് അതുപോലെ അതിന്റെ ഫലവും ലഭിക്കും. തെറ്റായ കർമ്മങ്ങൾ ചെയ്താൽ പിന്നീട് നാം പശ്ചാത്തപിക്കേണ്ടിവരും. അതിന്റെ പരിണാമം ദുഃഖം, ശോകം, അശാന്തി എന്നിവയാണ്. നല്ല കർമ്മാനുഷ്ഠാനത്താൽ സുഖവും ശാന്തിയും ആനന്ദവും ഉണ്ടാകുന്നു. ഈശ്വരൻ ന്യായകാരിയാണ്. കള്ളവും വഞ്ചനയും

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ *(യജു. 40 – 2)* നിസ്വാർത്ഥമായ**
**ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

ദീർഘകാലം നിലനിൽക്കുകയില്ല. അവസാനത്തിൽ അവ വെളിച്ചത്താകും. സത്യത്തിനുമാത്രമേ വിജയമുണ്ടാകൂ എന്ന് ഋഷിമാർ പറഞ്ഞിട്ടുണ്ട്. "സത്യമേവ ജയതേ നാനൃതമ്" (മുണ്ഡകോപനിഷത്). അതിനാൽ നാമൊരിക്കലും സത്യത്തിന്റെയും ന്യായത്തിന്റെയും മാർഗ്ഗം ഉപേക്ഷിക്കരുത്. അതിന് എത്ര തന്നെ ക്ലേശമനുഭവിക്കേണ്ടിവന്നാലും. ന്യായകാരിയായ ഈശ്വരന്റെ ദയയാൽ അവസാനം നമുക്ക് നല്ലഫലം ലഭിക്കും.

***ചോദ്യം:*** *കർമ്മഫലം ഈ ജന്മത്തിൽ തന്നെ ലഭിക്കുമോ! അതോ അടുത്ത ജന്മമെടുക്കേണ്ടിവരുമോ ?*

ഉത്തരം: എല്ലാ കർമ്മങ്ങളുടെയും ഫലം ഈ ജന്മത്തിൽ തന്നെ ലഭിക്കില്ല. അതിനായി പല ജന്മങ്ങളുമെടുക്കേണ്ടിവരും. എന്തെന്നാൽ പല തരത്തിലുള്ള അനുഭവങ്ങൾ പ്രാപിക്കുവാൻ ഒരു ജന്മത്തിൽ ഒരിക്കലും കഴിഞ്ഞെന്നു വരില്ല.

*(തുടരും)*

---

*(മുൻ ലക്കത്തിന്റെ തുടർച്ച)*




## അദ്ധ്യായം 3
# അസ്യവാമീയ സൂക്തം
*(ഋഗ്വേദം 1–164)*

### വേദജ്ഞാനം പ്രചരിപ്പിക്കുക

26. എല്ലാജ്ഞാന വിജ്ഞാനങ്ങളുമടങ്ങിയ ഈ വേദവാണിയേ ജ്ഞാനികൾ ശിഷ്യൻമാർക്ക് ഉപദേശിക്കുക. ശിഷ്യൻമാർ അങ്ങിനെ ശ്രേഷ്ഠസമ്പത്തുകൾ നേടും. സൂര്യൻ ലോകങ്ങളെ പ്രകാശിപ്പിക്കുന്നതുപോലെ ജ്ഞാനികൾ എല്ലാതരം വിദ്യകളെയും അഭ്യസിപ്പിച്ച് ജനങ്ങളെ പ്രകാശമുള്ളവരാക്കുക.

### പശുവിനെ കൊല്ലരുത്

27. ഈ ഭൂമി ശ്രേഷ്ഠമായ ധനങ്ങളെ തന്നുകൊണ്ടിരിക്കുന്നതു പോലെതന്നെ പശുക്കളും ജനങ്ങൾക്ക് സുഖത്തേ നൽകുന്നു. അതിനാൽ പശുക്കളെ കൊല്ലരുത്.

***മാതാ ഭൂമിഃ പുത്രോ അഹം പൃഥിവ്യാഃ സാ നോ ഭൂമിർ വർദ്ധയദ് വർദ്ധമാനാ***
***(അഥർവ്വം. 12.1.12,13) ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്***
***ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റേയും ഉൽക്കർഷം***





*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



**അ**ന്നു കഴിഞ്ഞ സംഭവം എന്റെ ഹൃദയത്തിലിന്നും ശിലാലിഖിതം പോലെ തെളിഞ്ഞുകിടപ്പുണ്ട്. മുൻശുണ്ഠിക്കാരനാണെങ്കിലും ഉള്ളു ശുദ്ധമാണദ്ദേഹത്തിന്റെ. കള്ളം, ചതി, അസൂയ തുടങ്ങിയ ദുർഗ്ഗുണങ്ങൾ തൊട്ടുതെറിക്കാത്ത സത്യസന്ധത, ദയാലുത, ദീർഘദർശിത്വം, ഈശ്വരനൊഴിച്ച് ആരുടെ മുന്നിലും തലകുനിക്കാത്ത തനിക്കുതാൻ പോരുന്ന വ്യക്തിത്വം മുതലായ ഗുണസമ്പത്തുള്ളവനായിരുന്നു അദ്ദേഹമെങ്കിലും മഴക്കാറിൽ മറഞ്ഞ ചന്ദ്രസമാനം മുൻശുണ്ഠിയാൽ മറക്കപ്പെട്ടു. ആ ഗുണവിശേഷങ്ങളെല്ലാം. സമ്പൽസമൃദ്ധമായ തറവാട്ടിൽ ഏകനും അപൂർവ്വ സന്തതിയും, നിഷേധമെന്തെന്നറിയാതെ വളർന്നുവന്നവനുമായ ഒരു വ്യക്തിക്ക് ഏകാധിപത്യ പ്രവണതയും തജ്ജന്യമായ നിഷേധം കേൾക്കാൻ വയ്യായ്കയും മുൻശുണ്ഠിയും മറ്റുമുണ്ടാവുകയെന്നത് സ്വാഭാവികമാണല്ലോ.

എനിക്കിന്ന് എന്തെറിയാം. ഗോട്ടിയും ശീട്ടും ചതുരംഗവും തലമപന്തും കാൽപന്തും മറ്റുമല്ലാതെ. പോട്ടെ, അറിയുന്നതിൽ വൈദഗ്ധ്യമുണ്ടോ ? അതും നാസ്തി. പിന്നെന്താണെന്നനിക്ക് കൈമുതലായിട്ടുള്ളത് ? ആട്ടക്കളത്തിൽ മേനികാട്ടി, തല്ലുവാങ്ങൽ മാത്രം. പിന്നെ സഹോദര സമാനം കളിച്ചൊത്തുവളർന്നുപോന്ന സമ്പൽസമൃദ്ധമായ കാഞ്ഞിയൂർ തറവാട്ടിലെ സീമന്ത സന്തതി നീലകണ്ഠശർമ്മയുടെ സഹജീവിതം തന്ന തപ്പിതപ്പിയുള്ള അക്ഷരജ്ഞാനം. ഹയർ എലിമെന്ററി 8-ാം തരം ശർമ്മയുടെ സഹായം കൊണ്ട് പാസ്സായി. അത് കഴിഞ്ഞ് മൂഷിക സത്രീ പിന്നേയും മൂഷികസ്ത്രീയായി. തെണ്ടി നടക്കലായി. മുട്ടുശാന്തിയും മറ്റുമായി വട്ടച്ചിലവിന്.

ഉടമയില്ലാതെ അങ്ങിനെ നായക്കൊത്ത് നാവ് നീട്ടി, നീരൊറ്റിച്ചു നടക്കുമ്പോൾ കുറച്ച് ഹിന്ദി പഠിക്കാൻ അവസരം കിട്ടി. പട്ടാമ്പിക്കടുത്ത് പള്ളിപ്പുറത്തുകാരൻ ' സി. ആർ. നാണപ്പ ' എന്നൊരു ഹിന്ദിപ്രചാരകന്റെ കീഴിൽ ഹിന്ദി പ്രാഥമിക്, മധ്യമ, രാഷട്രഭാഷാ എന്നീ ഡിപ്ലോമകൾ പാസായി.അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം ഫോർട്ട് ഹൈസ്കൂളിൽ ചേരാൻ പോയി.

*(തുടരും)*

***വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ (യജുർവ്വേദം 9.23)***
***എല്ലാവർക്കും ഹിതകാരികളായ നമ്മൾ രാഷ്ട്രത്തെ നിരന്തരം ജാഗൃതരാക്കാം.***

അതായത് സുഖം, ദുഃഖം, ആഗ്രഹം, ദ്വേഷം, പ്രയത്നം, ജ്ഞാനം എന്നീ ആറു ഗുണങ്ങൾ ആത്മാവിന്റെ പ്രത്യേകതയാണ് (ന്യായദർശനം 1.1.10). ഇതിനുപുറമെ ശ്വാസോച്ഛ്വാസം, ഇമകളുടെ ചലനം, വളർച്ച, ഇന്ദ്രിയവികാരങ്ങൾ എന്നിവയും ആത്മാക്കളുടെ ലക്ഷണങ്ങളാണ്. (വൈശേഷിക ദർശനം 3.2.4). വേദങ്ങളിൽ പറഞ്ഞിരിക്കുന്നത് ആത്മാവ് 'അശ്ന' ആണെന്നാണ്. അതായത് ആത്മാവ് സുഖ ദുഃഖങ്ങളുടെ ഭോക്താവാണ്. (ഋഗ്വേദം 1.164.1) അപാംഗ് പ്രാഡേതി (ഋഗ്വേദം 1.164.38) അതായത് ആത്മാവ് ആഗ്രഹങ്ങളും ദ്വേഷങ്ങളും ഉള്ളതാണ്.

സന്നദ്ധോ മനസാ ചരാമി (ഋഗ്വേദം 1.164.37) ജ്ഞാനപൂർവ്വം ചിന്തിക്കുകയും ശ്വസിക്കുകയും ഇമകൾ അടക്കുകയും തുറക്കുകയും ചെയ്യുന്നു. വിശ്വരൂപം തത്സംഭൂയ ഭവത്യേകമേവ (അഥർവ്വം 10.8.11) ഇന്ദ്രിയജന്യമായ എല്ലാകാര്യങ്ങളേകുറിച്ചും ബോധവാനാണ്. അമർത്ത്യോ മർത്ത്യേന സയോനിഃ (ഋഗ്വേദം 1.164.38). ആത്മാവ് നിത്യനും അമർത്ത്യനും ഒരേ സ്ഥലത്ത് താമസിക്കുന്നതുമാണ്. "പ്രച്ഛാമി" (ഋഗ്വേദം 1.164.6) അൽപ്പജ്ഞനായതുകൊണ്ട് സംശയങ്ങൾ ചോദിച്ചുകൊണ്ടിരിക്കും. "ബാലദേകമണീയസ്കം" (അഥർവ്വം 10.8.25) മുടിനാരിനേക്കാൾ സൂക്ഷ്മമാണ്. അതായത് അണുതുല്ല്യമാണ്. ഈ വേദമന്ത്രത്തിന്റെ വ്യാഖ്യാനം ശ്വേതാശ്വതരോപനിഷത്തിൽ കൊടുത്തിട്ടുണ്ട് (5.9)

"*ബാലഗ്രശതഭാഗസ്യ ശതധാ കൽപ്പിത സ്യച* । ഭാഗോ ജീവഃ സ വിജ്ഞേയഃ ॥ "

മേൽപ്പറഞ്ഞ ഗുണകർമ്മസ്വഭാവങ്ങൾ ഒരു ശരീരത്തിൽ പ്രകടമായിരിക്കുന്നിടത്തോളം കാലം അവിടെ ജീവാത്മാവ് വസിക്കുന്നു എന്ന് മനസ്സിലാക്കാം. അതില്ലെങ്കിൽ ആ ശരീരം മൃതമാണെന്ന് പറയുന്നു.

***(തുടരും)***

## സത്യാർത്ഥ പ്രകാശം-ഹിന്ദുത്വത്തിന്റെ രക്ഷാകവചം

മഹർഷി ദയാനന്ദൻ സ്വാതന്ത്ര്യസമരത്തിലെ യോദ്ധാവും ഹിന്ദുജാതിയുടെ രക്ഷകനുമായിരുന്നു. സ്വാതന്ത്ര്യസമരത്തിൽ ആര്യസമാജികരുടെ സംഭാവന വളരെ ഉന്നതമാണ്. മഹർഷിയാൽ രചിക്കപ്പെട്ട അമരഗ്രന്ഥം 'സത്യാർത്ഥപ്രകാശം' ഹിന്ദു ജനതയുടെ - വിപ്ലവകാരികളുടെ - സിരകളിൽ ഉഷ്ണരക്തം പോലെ വ്യാപരിച്ചു. സത്യാർത്ഥപ്രകാശത്തിനു മുന്നിൽ ഒരു വിധർമ്മിക്കും പിടിച്ചുനിൽക്കാനാവില്ല.

**വീർ സാവർക്കർ**

***Om Krinvantho Vishwamaaryam (Rigveda 9.63.5)***
***Make this world Enlightened.***





## ലോകസ്യഷ്ടാവ് ഈശ്വരൻ തന്നെ

28. ശ്രേഷ്ഠമായ വസ്തുക്കൾ ഭൂമിയിൽ ഉണ്ടാകുന്നു. വൃക്ഷങ്ങൾ വാനംമുട്ടേ ഉയർന്നുനിൽക്കുന്നു. മേഘങ്ങൾ ഇവയേ ജലം വർഷിച്ച് വളർത്തുകയും ചെയ്യുന്നു. ഭൂമിയിൽ ഉള്ള വിദ്യുത്ശക്തി വസ്തുക്കളെ തിളക്കമുള്ളതാക്കുന്നു. വ്യവസായവിദഗ്ദ്ധർ ശരിയായ രീതിയിൽ വസ്തുക്കൾ ശേഖരിച്ചു അവരുടെ ഉന്നതമായ അറിവുപയോഗിച്ച് നല്ല വീടുകളും വ്യവസായശാലകളും പണിയുന്നു. അങ്ങിനെതന്നെയാണ് ഈ ശ്രേഷ്ഠമായ വസ്തുക്കളെ ഈശ്വരൻ മനുഷ്യർക്കായി സൃഷ്ടിച്ചിട്ടുള്ളതും.

## ഈശ്വരൻ സർവ്വവ്യാപി

30. സ്ഥാവരജംഗമവസ്തുക്കളിൽ സ്ഥിരമായും അനിത്യവസ്തുക്കളിൽ നിത്യമായും സർവ്വജഗത്തിലും ഈശ്വരൻ വ്യാപിച്ചിരിക്കുന്നു. അദ്ദേഹത്തേക്കാൾ സൂക്ഷ്മമായ വസ്തുവേറൊന്നില്ല. എല്ലാ ജീവികളിലും അന്തര്യാമിയായി-ഉള്ളിലിരുപ്പായി അദ്ദേഹമുണ്ട്. ആ പരമേശ്വരനെ എപ്പോഴും ഉപാസിക്കുക.

## പാപ-പുണ്യങ്ങളനുസരിച്ച് ഈശ്വരൻ ജന്മം നൽകുന്നു

31. എല്ലാം കണ്ടുകൊണ്ടിരിക്കാനുള്ള മഹാശക്തി പരമേശ്വരനുണ്ട്. ജീവാത്മാക്കൾക്കില്ല. എല്ലായിടത്തും ഉള്ളതുകൊണ്ട് എല്ലാ അറിയുന്നുമുണ്ട്. വസ്ത്രം കൊണ്ട് മൂടിയിരിക്കുന്ന വസ്തുവിനെ കാണാൻ കഴിയാത്തതുപോലെ കണ്ണുകൊണ്ട് കാണാൻ കഴിയാത്ത- ഏറ്റവും സൂക്ഷ്മമായ ജീവാത്മാവിനും (ജ്ഞാനേന്ദ്രിയം-നേത്രം കൊണ്ട്) ആ മഹത് തത്ത്വത്തേ കാണാൻ കഴിയില്ല. താന്താങ്ങളുടെ കർമ്മഗതിയാൽ ലോകങ്ങൾ ചുറ്റികൊണ്ടിരിക്കുന്നു. അവരവരുടെ പാപ-പുണ്യകർമ്മങ്ങൾക്കനുസരിച്ച് ന്യായകാരിയായ പരമേശ്വരൻ എല്ലായിടത്തും വ്യാപിച്ച് നിലകൊണ്ട് യുക്തമായ ജന്മങ്ങൾ നൽകുന്നു.

***(തുടരും)***

## വേദജ്ഞാനം എല്ലാവർക്കും നൽകുക

"വേദം എല്ലാ സത്യവിദ്യകളുടേയും ഗ്രന്ഥമാകുന്നു. ആ വേദം പഠിക്കുകയും പഠിപ്പിക്കുകയും കേൾക്കുകയും കേൾപ്പിക്കുകയും ചെയ്യേണ്ടത് എല്ലാ ആര്യൻമാരുടെയും പരമ ധർമ്മമാകുന്നു."

***മഹർഷി ദയാനന്ദ സരസ്വതി***

***ഹിരൺമയേനപാത്രേണ സത്യസ്യാപിഹിതം മുഖമ് (യജുർവ്വേദം 40.17)***
***സത്യത്തിന്റെ മുഖം സ്വർണ്ണമയമായ അടപ്പിനാൽ മൂടപ്പെട്ടിരിക്കുന്നു.***

www.aryavaidyasala.com

Kottakkal ayurveda

കോട്ടയ്ക്കലിന്റെ
സാന്ത്വനസ്പർശം



ആയുർവേദം ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503



Tel: 0483-2808000, 2742216, Fax:2742572, 2742210
E-mail: mail@aryavaidyasala.com / info@aryavaidyasala.com

**Our Branch Clinics across the country**

**Ahmedabad**- 079 27489450, **Aluva** - 0484 2623549, **Bangalore** - 080 26572956, **Chennai** - 044 26411226, **Coimbatore** - 0422 2491594, **Ernakulam** - 0484, 2375674, **Kannur** - 0497 2761164, **Kolkata** - 033 24630661, **Kottakkal** - 0483 2743380, **Kottayam** - 0481 2574817, **Kozhikode** - 0495 2302666, **Kozhikode** - 0495 2720664, **Kozhikode** - 0495 2723450, **Madurai** - 0452 2623123, **Mangalore** - 0824 2443140, **Mumbai, Sion (E)** - 022 24075195, **Mumbai, Vashi** - 022-27814542, **Mysore** - 0821-2331062, **New Delhi** - 011 24621790, **Palakkad** - 0491 2502404, **Palakkad** - 0491 2527084, **Secunderabad** - 040 27722226, **Thiruvananthapuram** - 0471 2463439, **Thrissur** - 0487-2380950, **Tirur** - 0494 2422231


***Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 32-3)***
***There is no measure, no image of that GOD whose name is Great***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



*ചോദ്യം 10 : ആത്മാവ്, ജീവൻ, ജീവാത്മാവ് എന്നിവ വ്യത്യസ്തങ്ങളാണോ ?*

ഉത്തരം : മോക്ഷാവസ്ഥയിൽ ഇരിക്കുമ്പോൾ 'ആത്മാവ്' എന്നു പറയുന്നു. ശരീരത്തിൽ വസിക്കുമ്പോൾ ജീവൻ, ജീവാത്മാവ് എന്നു പറയുന്നു. ഇവ മൂന്നും വ്യത്യസ്തങ്ങ ള്ളല്ല. വിഭിന്ന അവസ്ഥകളിൽ പ്രത്യേക പേരുകളിൽ അറിയപ്പെടുന്നു. മോക്ഷാവസ്ഥയിൽ ആത്മാവ് എന്ന് പറയപ്പെടുന്നു. ഏത് ശരീരത്തിലാണോ വസിക്കുന്നത് അതിനേ ജീവൻ എന്ന് പറയുന്നു. ശരീരത്തിൽ വസിക്കുന്ന ആത്മാവിനെ ജീവാത്മാവ് എന്ന് പറയുന്നു.

സ്ഥൂല ശരീരത്തിലൂടെ ആത്മാവ് സുഖവും ദുഃഖവും അനുഭവിച്ചറിയുന്നു. മോക്ഷാവസ്ഥയിലെത്തുന്നതുവരെ ജീവൻ എന്നു പറയുന്നു. മോക്ഷാവസ്ഥയിൽ ആത്മാവ് സ്വന്തം രൂപത്തിൽ സ്ഥിതി ചെയ്യുന്നു.

*ചോദ്യം : എന്തിനെയെല്ലാമാണ് ആത്മാവ് എന്നു പറയുന്നത് ? അവയുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ?*

ഉത്തരം : ഈശ്വരൻ, ജീവൻ, പ്രകൃതി എന്നിവയാണ് 3 അനാദിതത്ത്വങ്ങൾ ചേതനമായ ജീവനെ തന്നെയാണ് ആത്മാവ് എന്നു പറയുന്നത്. ആത്മാവ് അനാദിയാണ്. അതുകൊണ്ട് നിത്യനും അമർത്യനും അപരിണാമിയുമാണ്. സർവ്വജ്ഞനായ ഈശ്വരനുമായി തുലനം ചെയ്യുമ്പോൾ ആത്മാവ് അൽപ്പജ്ഞനും അണുവുമാണ്.

*"അവ്യസഃ = അവ്യാപക = അണു (അഥർവ്വം 19-68-1)*

ഈശ്വരനാകട്ടെ സർവ്വവ്യാപിയാണ്. സച്ചിദാനന്ദ സ്വരൂപനാണ്"

*ഇച്ഛാ ദ്വേഷപ്രയത്നസുഖഃ ദുഃഖജ്ഞാനാന്യാത്മനോ ലിംഗം*

*(ന്യായദർശനം 1.1.10)*

***Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 3.30.3) Let not a brother hate his brother and let not a sister hate her sister***